# 4th India – Philippines Joint Commission on Bilateral Cooperation

November 06, 2020

## ഉഭയകക്ഷി സഹകരണം സംബന്ധിച്ച് 4 മത് ഇന്ത്യ -ഫിലിപ്പൈൻസ് ജോയിന്റ് കമ്മീഷൻ

നവംബർ 06, 2020

ഇന്ത്യയും ഫിലിപ്പൈൻസും തമ്മിലുള്ള ഉഭയകക്ഷി സഹകരണം സംബന്ധിച്ച 2020 നവംബർ 6 നു വിർച്ചൽ രീതിയിൽ നടന്ന, ജോയിന്റ് കമ്മീഷന്റെ 4 മത് സമ്മേളനത്തിൽ, ഇന്ത്യൻ വിദേശകാര്യമന്ത്രി ഡോ. എസ് ജയശങ്കറും ഫിലിപ്പൈൻസ് റിപ്പബ്ലിക് ഫോറിൻ ജൂനിയർ സെക്രട്ടറി ശ്രീ.ടിയോഡോറൊ ലോക്സിൻ എന്നിവർ സംയുക്തമായി അധ്യക്ഷത വഹിച്ചു.

2. ഇരു വിഭാഗങ്ങൾക്കും പ്രാധാന്യമുള്ള ധാരാളം വിഷയങ്ങളിൽ സമഗ്രമായ ചർച്ചകൾ നടന്നു. ഇന്ത്യയും ഫിലിപ്പൈൻസും തമ്മിലുള്ള ബന്ധത്തിൽ അടുത്തിടെ നടന്ന വികസനങ്ങളെ അവർ അവലോകനം ചെയ്യുകയും വിശദമായ ഇടപെടലുകൾക്കായുള്ള ഭാവി പദ്ധതികൾ ചർച്ച നടത്തുകയും ചെയ്തു. പരസ്പരം പരിഗണിക്കപ്പെട്ട വെല്ലുവിളികളിൽ, പ്രത്യേകിച്ച് കോവിഡ് -19 പകർച്ചവ്യാധിമൂലം ആരോഗ്യ മേഖലയിൽ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനായി തങ്ങളുടെ ശക്തമായ സഹകരണം അധ്യക്ഷന്മാർ ഉറപ്പു നൽകി.

3. പ്രതിരോധ ഇടപെടലുകൾ നാവിക മേഖല എന്നിവയിൽ സൈനിക പരിശീലനവും വിദ്യാഭ്യാസവും കാര്യശേഷിവികസനവും സ്ഥിരമായ ക്ഷേമസന്ദർശനങ്ങളും കൂടാതെ പ്രതിരോധ ഉപകരണങ്ങളുടെ ശേഖരവും ഉൾപ്പടെ ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനും അവർ സമ്മതിച്ചു. ഉത്തരവാദിത്വപ്പെട്ട ഏജൻസികൾ മുഖേനെ വിവരങ്ങൾ പങ്കുവയ്ച്ചും ആവശ്യാനുസരണമുള്ള പ്രത്യേക പരിശീലനങ്ങളിൽ പിന്തുണ നൽകിയും തീവ്രവാദ വിരുദ്ധ പ്രവർത്തങ്ങളിൽ സഹകരിക്കുന്നതിനും അവർ സമ്മതിച്ചു.

4. ഇരു രാജ്യങ്ങളിലെയും ക്രിയാത്മകമായ സാമ്പത്തിക അവസ്ഥകൾ കണക്കിലെടുത്തുകൊണ്ട് , വ്യവസായം ,നിക്ഷേപ ബന്ധങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനും അധ്യക്ഷന്മാർ സമ്മതിച്ചു. കാർഷികം, ആരോഗ്യം, ഫാർമസ്യൂട്ടിക്കൽസ്, ടൂറിസം, ഊർജം, ഐ സി ടി കൂടാതെ ശാസ്ത്ര സാങ്കേതിക മേഖലകൾ എന്നിവയിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഇരു വിഭാഗങ്ങളും അനുകൂലിച്ചു.

5. ഫിലിപ്പൈൻസിൽ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന അവസരങ്ങളെ വിദേശകാര്യമന്ത്രി അഭിനന്ദിച്ചു. വികസനത്തിനും , വിഭവ ശേഷി

വർദ്ധിപ്പിക്കുന്നതിനുമായുള്ള ഇന്ത്യയുടെ പിന്തുണയും ഫിലിപ്പൈൻസിന് അദ്ദേഹം വാഗ്ദാനം ചെയ്തു.ITEC, അല്ലെങ്കിൽ ITEC ഇനിഷ്യേറ്റീവുകൾക്കായി ഫിലിപ്പൈൻസിൽ നിന്നുള്ള വിദ്യാർഥികൾ, വൈജ്ഞാനികർ, ചിന്തകർ എന്നിവരെ വിദേശകാര്യമന്ത്രി ക്ഷണിക്കുകയും കൂടാതെ IIT കളിൽ ASEAN വിദ്യാർത്ഥികൾക്ക് വാഗ്ദാനം ചെയ്യുന്ന PhD ഫെലോഷിപ്പ് പദ്ധതികൾ ഉപയോഗപ്പെടുത്താനും അദ്ദേഹം ആവശ്യപ്പെട്ടു.

6. ഇന്ത്യയും ഫിലിപ്പൈൻസും തമ്മിൽ കൂടുതൽ വിശാലവും ഗുണപരവുമായ ബന്ധിത്തിനുള്ള ദർശനത്തിന്റെ അടിസ്ഥാനത്തിൽ , പുനരുപയോഗ ഊർജം, ബഹിരാകാശം , സൈബർ സുരക്ഷാ കൂടാതെ പരമ്പരാഗത വൈദ്യം എന്നിങ്ങനെ വളർന്നു വരുന്ന മേഖലകളിൽക്കൂടി അടുത്ത സഹകരണം പുലർത്തുന്നതിനും ഇരു നേതാക്കളും തീരുമാനിച്ചു.

7. വ്യവസായം, നിക്ഷേപം, ടൂറിസം, വിദ്യാർത്ഥികളുടെ വിനിമയം എന്നിവ വികസിപ്പിക്കുന്നതിനായി ഇന്ത്യയും ഫിലിപ്പൈൻസും തമ്മിലുള്ള ലളിതമായ വിസ നടപടികൾക്കായും ഇരു വിഭാഗങ്ങളും ശ്രമിക്കുന്നതാണ്.

8. പ്രാദേശികവും അന്തർദേശീയവുമായ പ്രശ്നങ്ങളിൽ ബഹുരാഷ്ട്ര ഫോറമുകളിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനായും ഇരു വിഭാഗങ്ങളും തീരുമാനിച്ചു. ഇൻഡോ -പസഫിക് ഓഷ്യൻ ഇൻഷ്യേറ്റീവ് (IPOI) കൂടാതെ ഇൻഡോ പസഫിക് പ്രവിശ്യയിലെ എല്ലാ മേഖലകളിലും സുരക്ഷയും സമൃദ്ധിയും വളർച്ചയും നേടുന്നതിനുള്ള ASEAN ന്റെ ലക്ഷ്യങ്ങൾ എന്നിങ്ങനെയുള്ള ബഹുമുഖ പങ്കാളിത്തത്തിൽ ഉള്ള തങ്ങളുടെ പ്രതിബദ്ധത വിദേശകാര്യമന്ത്രിയും ലോകസിനും വീണ്ടും ഉറപ്പു നൽകി.

**ന്യൂ ഡൽഹി**
**06 നവംബർ , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.